പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3989 18.10.2011- ൽ മറുപടിക്ക്

## കാലവർഷക്കെടുതിയിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | ഇത്തവണത്തെ കാലവർഷംമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. 2011 കാലവർഷക്കെടുതിയിൽ സംസ്ഥാനത്തൊട്ടാകെ 1422.693 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ബി) | കാലവർഷക്കെടുതിയിൽ മരിച്ച ആളുകൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചു നൽകിയത്; | (ബി) | ഒരു ലക്ഷം രൂപ വീതം അനുവദിച്ചു വരുന്നു. |
| (സി) | മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ച വകയിൽ നടപ്പുവർഷം എത്ര കോടി രൂപ ചെലവായി; | (സി) | 77,70,000/- രൂപ ചെലവായി. |
| (ഡി) | നടപ്പു വർഷം ഉണ്ടായ കാലവർഷക്കെടുതിയിൽ എത്ര കോടി രൂപയുടെ കൃഷി നാശം സംഭവിച്ചു; | (ഡി) | 67,51,54,320/- രൂപയുടെ കൃഷി നാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| (ഇ) | കൃഷി നഷ്ടം സംഭവിച്ച കർഷകർക്ക് ഈ സർക്കാർ എത്ര കോടി രൂപയുടെ നഷ്ടപരിഹാരം നൽകി: | (ഇ) | 6,33,16,590/- രൂപയുടെ നഷ്ടപരിഹാരം നൽകി. |
| (എഫ്) | കാലവർഷക്കെടുതിയിൽ വീടുകൾക്ക് ഭാഗികമായും പൂർണ്ണമായും നഷ്ടം സംഭവിച്ചവർക്കും കൃഷിനാശം സംഭവിച്ചവർക്കും അർഹമായ ധനസഹായം അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | അർഹമായ ധനസഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ